# പത്രക്കുറിപ്പ്

## ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

## പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2012

2012 ജനുവരി 1 ന് 18 വയസ്സ് പൂർത്തിയാക്കുന്നവരെ ഉൾപ്പടുത്തി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളുടെ വോട്ടർ പട്ടികകൾ പുതുക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദശം പുറപ്പെടുവിച്ചു.

2011 ഒക്ടോബർ 7 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ജില്ലാ കളക്ടേറ്റുകൾ താലൂക്ക്/വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലും അതാതു സ്ഥലത്തെ പോളിംഗ് ബൂത്തിന്റെ ചുമതലയുള്ള ബൂത്ത് തല ഉദ്യോഗസ്ഥരുടെ പക്കലുമുള്ള അച്ചടിച്ച കരട് വോട്ടർ പട്ടികകളുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമായിരിക്കും. ഒക്ടോബർ 7 മുതൽ നവംബർ 1 വരെ അപേക്ഷകൾ അതാത് താലൂക്ക്/വില്ലേജ് ഓഫീസുകളിൽ സ്വീകരിക്കും. പുതുതായി പേര് ചേർക്കുന്നതിനും ഒരു മണ്ഡലത്തിൽ നിന്ന് മറ്റൊരു മണ്ഡലത്തിലേക്കോ മണ്ഡലത്തിനുള്ളിൽ മറ്റൊരു ബൂത്തിലേക്കോ പേര് മാറ്റുന്നതിനും അനർഹരായവരുടെ പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിന് ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിനും പട്ടികയിൽ ചേർത്തിട്ടുള്ള വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ അവ തിരുത്തുന്നതിനും അപേക്ഷകൾ സ്വീകരിക്കും. വിദേശത്തുള്ള ഇൻഡ്യൻ പൗരൻമാർക്കും അവരുടെ സ്വദേശത്തെ താമസസ്ഥലത്ത് പേര് ചേർക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഒക്ടോബർ 16,23,30 എന്നീ ഞായറാഴ്ചകളിൽ അത്തു സ്ഥലത്തെ പോളിംഗ് ബൂത്തുകളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യമുണ്ടായിരിക്കും.

അപേക്ഷകൾ സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റിലൂടെ (www.ceo.kerala.gov.in) ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുകയും ഹിയറിംഗിന് ഹാജരാകേണ്ടതിനായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തീയതികളിൽ അപേക്ഷകർക്ക് സൗകര്യപ്രദമായ തീയതി സ്വയം തെരഞ്ഞെടുക്കുന്നതിനും

സൗകര്യമുണ്ടായിരിക്കും. ഈ സൗകര്യം എല്ലാവരും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

2012 ജനുവരി 5 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. സമ്മതിദായകരുടെ ദേശീയദിനമായി ആചരിക്കുന്ന ജനുവരി 25 ന് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യും.

ചീഫ് ഇലക്ടറൽ ഓഫീസർ.

തിരുവനന്തപുരം,
5.10.2011.

SABU PAUL SEBASTIAN
Additional Secretary to Govt. &
Joint Chief Electoral Officer
Election Department
Govt. Secretariat, Thiruvananthapuram
Phone: 0471-2300070